പ്രവർത്തന സൗകര്യത്തിനായി കൂടുതൽ വിദ്യാഭ്യാസ ജില്ലകൾ

58 (2913) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം റവന്യൂ ജില്ലയിൽ എത്ര വിദ്യാഭ്യാസ ജില്ലകളും സബ് ജില്ലകളും നിലവിലുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകൾ ഏത് വിദ്യാഭ്യാസ ജില്ലയിലാണെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രവർത്തന സൗകര്യത്തിനായി കൂടുതൽ വിദ്യാഭ്യാസ ജില്ലകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ എത്ര വിദ്യാഭ്യാസ ജില്ലകളാണ് പുനഃക്രമീകരണത്തിലൂടെ പുതുതായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) വിദ്യാഭ്യാസ ജില്ല - 2, സബ് ജില്ല - 17.

(ബി) മലപ്പുറം.

(സി) സാമ്പത്തിക ബുദ്ധിമുട്ട് കാരണം കൂടുതൽ വിദ്യാഭ്യാസ ജില്ലകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കോഴിക്കോട് കാരപ്പറമ്പ് ഗവൺമെന്റ് ഹൈസ്കൂളിന്റെ അറ്റകുറ്റപ്പണികൾ

59 (2915) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ കാരപ്പറമ്പ് ഗവൺമെന്റ് ഹൈസ്കൂളിന്റെ അറ്റകുറ്റപ്പണികൾ വളരെക്കാലമായി നടത്താത്തതു കാരണം പല കെട്ടിടങ്ങളും ഉപയോഗശൂന്യമായി കിടക്കുകയാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവിടെ എന്നാണ് അവസാനമായി അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഇന്ന് ഉപയോഗശൂന്യമായി കിടക്കുന്ന പ്രസ്തുത കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly